# ചരിത്രഏടുകളിൽ നിന്ന്

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

ചരിത്രഏടുകൾ പരിശോധിച്ചാൽ വളരെയധികം വിലയേറിയ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുമല്ലോ.
അന്ന് യേശുവിന്റെ പിതാവെന്ന് അറിയപ്പെട്ടിരുന്ന വളർത്തപ്പനായിരുന്ന തച്ചൻ ജോസഫ് നാല്പതാം വയസ്സിലായിരുന്നു ആദ്യ ഭാര്യയെ വിവാഹം കഴിച്ചത്. നാല്പത്തി ഒന്പതു വർഷം അവർ ഒന്നിച്ച് കഴിഞ്ഞു. അവരിൽ ആകെ ആറു മക്കൾ ഉണ്ടായിരുന്നു. നാല് ആൺ മക്കളും രണ്ടു പെൺ മക്കളും. ആദ്യം രണ്ട് ആൺ മക്കൾ പിന്നെ രണ്ട് പെൺമക്കൾ പിന്നെ രണ്ട് ആൺ മക്കൾ. അങ്ങിനെ ജോസഫിന് എൺപത്തിഒന്പതു വയസ്സുള്ളപ്പോൾ ആ സ്ത്രീ മരിച്ചു.
അതിനു ശേഷം ഒരു വർഷം കൂടെ കഴിഞ്ഞ് ജോസഫിന് തൊണ്ണൂറു വയസ്സുള്ളപ്പോൾ ആണ് പന്ത്രണ്ടു വയസ്സുള്ള മറിയത്തിനെ കിട്ടിയത്.
മറിയം ജനിച്ച് ഏകദേശം മൂന്നു വയസ്സാകുന്നതിന് മുമ്പ് തന്നെ അവളുടെ മാതാപിതാക്കൾ മരിച്ചു പോയി. പിന്നീട് പന്ത്രണ്ടു വയസ്സുവരെ അവൾ ദേവാലയത്തിലായിരുന്നു വളർന്നത്. പുരോഹിതന്മാർ മാത്രം ഭക്ഷിച്ചിരുന്ന ദേവാലയ ഭക്ഷണമായ അപ്പത്തിന്റെ നുറുക്കുകളും വെള്ളവും മാത്രം കഴിച്ച് വളർന്നവളായിരുന്നു മറിയം. അവൾ സ്ത്രീ ആയാൽ അവളെ ദേവാലയത്തിൽ താമസിപ്പിക്കുവാൻ സാധിക്കത്തില്ലല്ലോ എന്നു കരുതി അവളെ തൊണ്ണൂറു വയസ്സുള്ള ജോസഫിനെ ഏല്പിക്കുകയായിരുന്നു.
ജോസഫ് മറിയത്തിനെ വിവാഹം ചെയ്തതായി ചരിത്രത്തിന്റെ ഒരു സ്ഥലത്തും എനിക്കു കാണാൻ സാധിച്ചിട്ടില്ല. എന്നാൽ ജോസഫ് അവളെ വിവാഹമോതിരമണിയിച്ച ദേവാലയം എനിക്കു വിശുദ്ധ നാടുകളിൽ കാണാൻ സാധിച്ചിട്ടുണ്ട്.
രണ്ടു വർഷം അവൾ ജോസഫിന്റെ കൂടെ താമസിച്ച് മറിയത്തിന് പതിനാലു വയസ്സുള്ളപ്പോൾ ജോസഫിന് തൊണ്ണൂറ്റിരണ്ടു വയസ്സുള്ളപ്പോൾ മറിയം ഗർഭിണിയായി. ജോസഫിന് തൊണ്ണൂറ്റിമൂന്നും മറിയത്തിന് പതിനഞ്ചും വയസ്സുള്ളപ്പോൾ യേശു ജനിച്ചു.
യേശുവിന് പതിനെട്ടും മറിയത്തിന് മുപ്പത്തിമൂന്നും ജോസഫിന് നൂറ്റിപതിനൊന്നും വയസ്സുള്ളപ്പോൾ ജോസഫ് മരിച്ചു.
പിന്നീട് പന്ത്രണ്ടു വർഷം യേശു തച്ചനായി ജീവിച്ചു. മറിയത്തിനേയും കൂടെ താമസിച്ചിരുന്ന ജോസഫിന്റെ ഏറ്റവും ഇളയ രണ്ടു പുത്രന്മാരേയും സംരക്ഷിച്ചു.
ജോസഫിന്റെ ഏറ്റവും ഇളയ മകനാണ് ആദ്യ തക്സാ ഉണ്ടാക്കി സെഹിയോൻ മാളികയിൽ വെച്ച് ആദ്യ വി. കുർബ്ബാന അർപ്പിച്ച വി. യാക്കോബ്.
ജോസഫ് ഇരുപത്തിഒന്ന് വർഷം മറിയത്തിനേയും പതിനെട്ടു വർഷം യേശുവിനേയും സംരക്ഷിച്ചു.
യേശുവിനെ കുരിശക്കപ്പെട്ടപ്പോൾ മറിയത്തിന് നാല്പത്തിയെട്ടര വയസ്സുണ്ടായിരുന്നു. മറയത്തിന് നൂറ്റി പതിനൊന്നര വയസ്സുള്ളപ്പോൾ മറിയം ഇഹലോകം വെടിഞ്ഞു.
യേശു തന്റെ ശിഷ്യന്മാരിൽ പതിനൊന്നു പേരെ തിരഞ്ഞെടുത്ത് കൂടെ കൊണ്ടു നടന്നു. എന്നാൽ യൂദാഇൗസ്ക്കറിയോത്താ സ്വയം വന്ന് യേശുവിന്റെ കൂടെ കൂടിയതാണ്. യേശുവിനെക്കാൾ ഏഴു വയസ്സ് പ്രായം കൂടുതൽ യൂദാഇൗസ്ക്കറിയോത്തായ്ക്കുണ്ടായിരുന്നു. യേശുവിനെ കുരിശിച്ചപ്പോൾ യൂദാഇൗസ്ക്കറിയോത്താ കെട്ടിതൂങ്ങി മരിച്ചപ്പോൾ അവന് നാല്പതര വയസ്സുണ്ടായിരുന്നു. സ്നാപക യോഹന്നാന് യേശുവിനെക്കാൾ ആറു മാസമേ പ്രായക്കൂടുതൽ ഉണ്ടായിരുന്നുള്ളു. യേശുവിനെക്കാൾ പന്ത്രണ്ടു വയസ്സു പ്രായകൂടുതൽ ശിഷ്യനായ പത്രോസിനുണ്ടായിരുന്നു. അതായത് മറിയത്തിനേക്കാൾ മൂന്നു വയസ്സിളപ്പമായിരുന്നു പത്രോസ്. യേശുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും പ്രായം കൂടിയ ആളും ഇദ്ദേഹമായിരുന്നു. ഏറ്റവും പ്രായം കുറഞ്ഞ ശിഷ്യൻ യോഹന്നാനുമായിരുന്നു.
യൂദാഇൗസ്ക്കറിയോത്താവിന് ഏഴു വയസ്സുള്ളപ്പോൾ അവൻ യേശുവിൽ വിശ്വസിച്ചു. ജോസഫ് പിതാവിന്റെ കാലശേഷം യേശു തച്ചനായി ജീവിച്ചപ്പോൾ ആ വീട്ടിലെ കാര്യസ്ഥനായി പ്രവർത്തിച്ചത് യൂദാഇൗസ്ക്കറിയോത്താ ആയിരുന്നു. യേശു തന്റെ ജീവിതകാലം മുഴുവനും പണത്തെ തൊട്ടിരുന്നില്ല. അവൻ തച്ചനായി ജീവിച്ചപ്പോൾ പണമിടപാടുകളും ആ വീട്ടിലേക്ക് വേണ്ട സാധനങ്ങൾ വാങ്ങുന്നവനും എല്ലാം ഇരുപത്തഞ്ചുകാരനായ യൂദാഇൗസ്ക്കറിയോത്താ ആയിരുന്നു. അവൻ വിശ്വസ്തനായിരുന്നു.
ലോകത്ത് ഇന്നുവെരെ ജീവിച്ചിരുന്നവരിൽ ഏറ്റവും സുന്ദരൻ യേശു മാത്രമാണ്. എന്നാൽ അവന്റെ ജീവിതകാലം മുഴുവനും അവൻ ക്ഷുരകനെ അറിഞ്ഞിരുന്നില്ല.

ഒരു ജീവിതകാലം മുഴുവനും ശാരീരികമായും മാനസികമായും കഷ്ടത അനുഭവിച്ച ഏക വ്യക്തി പ. കന്യകമറിയം മാത്രമായിരുന്നു.